ആവശ്യമെങ്കിൽ കൂടുതൽ കർശനമായ നടപടികളും സ്വീകരിക്കും. ആ കാര്യത്തിൽ വിട്ടുവീഴ്ചയുടെ പ്രശ്നമേയില്ല ഈ ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം എന്ന് ഇതിനു മുമ്പും വ്യക്തമാക്കിയിട്ടുണ്ട്. ക്ഷേത്ര ഭാരവാഹികൾക്ക് എന്തെങ്കിലും ആവശ്യമുണ്ടെങ്കിൽ അവർക്ക് സംരക്ഷണം ആവശ്യമാണെങ്കിൽ അവർക്ക് അവരുടെ ഉൽസവം നടത്താനും, മറ്റും ഗവൺമെൻറിനേയും പോലീസിനേയും സഹായം ആവശ്യമാണെങ്കിൽ അതെല്ലാം കൊടുക്കും. അവർ പറയുന്നതായിരിക്കും തീർച്ചയായും ഈ കാര്യത്തിൽ ഗവൺമെൻറ് പ്രധാനമായും പരിഗണിക്കുക.

ഡെപ്യൂട്ടി സ്പീക്കർ: മത സൗഹാർദ്ദത്തിനു വിഘാതമുണ്ടാക്കുന്ന സംഘർഷാവസ്ഥ ഉണ്ടാക്കുന്നതിനെ തടയുന്നതിനുവേണ്ടി കർശനമായ നടപടികളും എടുക്കാമെന്നും ക്ഷേത്ര ഭാരവാഹികളും ആവശ്യപ്പെടുന്ന രീതിയിലുള്ള എല്ലാവിധ സംരക്ഷണവും നൽകിക്കൊണ്ട് മത സൗഹാർദ്ദം നിലനിറുത്താൻ ആവശ്യമായ നടപടികളും സ്വീകരിക്കുമെന്നും അങ്ങനെയുള്ള പല നടപടികളും സ്വീകരിച്ചിട്ടുണ്ടെന്നും ഗവൺമെൻറ് ഉറപ്പ് നൽകിയിരിക്കുന്ന സാഹചര്യത്തിൽ സഭ നിറുത്തിവച്ച് ഇതിനേക്കുറിച്ച് ചർച്ച ചെയ്യേണ്ടതാണെന്നു തോന്നുന്നില്ല. ഈ അടിയന്തിരപ്രമേയത്തിന് അനുമതി നിഷേധിക്കുന്നു.

III. ശ്രദ്ധ ക്ഷണിക്കൽ.

കല്ലായി സാ മില്ലിലെ തൊഴിലാളികളുടെ പണിമുടക്കിനെ സംബന്ധിച്ച്

ശ്രീ. പി. സീതി ഹാജി: സർ, ലോക തടി കമ്പോളത്തിൽ രണ്ടാം സ്ഥാനത്തു നിൽക്കുന്ന കല്ലായിയിൽ സാ മിൽ തൊഴിലാളികൾ കഴിഞ്ഞ 25 ദിവസമായി നടത്തി വരുന്ന പണിമുടക്കു മൂലം കോഴിക്കോടു പട്ടണം സ്തംഭിച്ചിരിക്കുകയാണ്. തങ്ങളുടേത് ന്യായമായ അവകാശമാണെന്ന് തൊഴിലാളികളും അവരുടെ അവകാശങ്ങൾ ഞങ്ങൾക്കു താങ്ങാൻ കഴിയാത്തതാണെന്ന് മിൽ മുതലാളിമാരും പറയുന്നതു മൂലമുണ്ടായ സമരമാണ്. കല്ലായിയിൽ 60 സാ മില്ലുകളുണ്ട്. ആയിരക്കണക്കിനു തൊഴിലാളികളുണ്ട്. തൊഴിലാളികൾക്ക് ഇന്നു ജോലി സ്ഥിരതയില്ല. മിൽ മുതലാളിമാർ തൊഴിലാളികളെ കോൺട്രാക്റ്റു സമ്പ്രദായത്തിലാണ് പണിയ്ക്കുവയ്ക്കുന്നത്. അതിൻെറ പേരിലാണ് പല കൺസിലിയേഷനുകളും നടന്നിട്ടും, 25 ദിവസമായിട്ടും ഒരു തീരുമാനത്തിൽ എത്താൻ കഴിയാത്തത്. കല്ലായിയിൽ ഈ മരങ്ങളെല്ലാം അറുത്ത് മഹാരാഷ്ട്രയിലേക്കും ഗുജറാത്തിലേക്കും പത്തേമാരികളിലും ഉരുവിലും ആണ് കൊണ്ടുപോകുക. സീസൺ കഴിഞ്ഞാൽ ഉരു പുറത്തേയ്ക്കിറക്കാൻ കഴിയാത്ത സാഹചര്യമുണ്ടാകുമെന്നു ഗവണ്മെൻറിനും അറിയാം. അതുകൊണ്ട് ഈ കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രി തന്നെ നേരിട്ടു കോഴിക്കോടു പോകുകയോ അല്ലെങ്കിൽ രണ്ടു കൂട്ടരേയും ഇവിടെ വിളിച്ചോ ഈ പ്രശ്നത്തിന് ഒരു പരിഹാരമുണ്ടാക്കിയില്ലെങ്കിൽ മലബാർ പ്രദേശത്തെ സംബന്ധിച്ചിടത്തോളം അത് ഏറ്റവും വലിയ ഒരു വിപത്തായിത്തീരും. തൊഴിലാളികൾ കഴിഞ്ഞ 25 ദിവസമായി പട്ടിണിയും പരിവട്ടവുമായി കഴിയുകയാണ്. കൺസിലിയേഷനു വിളിച്ചാൽ മുതലാളിമാർ ചെല്ലുന്നില്ല. അതിൻെറ ഫലമായി സമരം നീണ്ടുപോകുകയാണ്. അവിടത്തെ തൊഴിലാളികൾക്കും ഇതൊരു ഭീഷണിയായിത്തീർന്നിരിക്കുന്നു. ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധ ഇതിലേക്കു ക്ഷണിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

തൊഴിലും ഭവന നിർമ്മാണവും• വകുപ്പു മന്ത്രി (ശ്രീ. എം. കെ.രാഘവൻ): സർ, കോഴിക്കോട് കല്ലായി പ്രദേശത്തുള്ള 58 സാ മിൽ തൊഴിലാളികളും കഴിഞ്ഞ 16.12.1978 മുതൽ അവരുടെ ആവശ്യങ്ങളും വച്ചുകൊണ്ട് പണിമുടക്ക് ആരംഭിച്ചിരിക്കുകയാണ്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ അവർ ഉന്നയിച്ച മൂന്നു ആവശ്യങ്ങളും നേടിയെടുക്കാൻ വേണ്ടിയാണ് അവർ പണിമുടക്ക് ആരംഭിച്ചത്. അതിൽ പ്രധാനമായ അവരുടെ ആവശ്യം, കോൺട്രാക്റ്റു സമ്പ്രദായം അവസാനിപ്പിക്കുക എന്നുള്ളതാണ്. മറ്റൊന്ന് അവർ ആവശ്യപ്പെടുന്നത് ജോലി സ്ഥിരതയാണ്. മൂന്നാമത്തെ ആവശ്യം കൂലിക്കൂടുതൽ കൊടുക്കണമെന്നുള്ളതാണ്. അതിന്റെ പേരിലാണ് പണിമുടക്കാരംഭിച്ചത്. ഈ പണിമുടക്ക് ആരംഭിച്ചതിനുശേഷം തൊഴിൽ വകുപ്പു പല സന്ധി സംഭാഷണങ്ങളും നടത്തി. പക്ഷേ, അതിനൊന്നും തൊഴിലുടമ വഴങ്ങുന്നില്ല. ഡെപ്യൂട്ടി ലേബർ കമ്മീഷണറുടെ സാന്നിദ്ധ്യത്തിൽ രണ്ടു മൂന്നു പ്രാവശ്യം സംഭാഷണം നടന്നു. ഇന്ന് ജോയിന്റ് ലേബർ കമ്മീഷണറുടെ സാന്നിദ്ധ്യത്തിൽ മറ്റൊരു സംഭാഷണം നടക്കുകയാണ്.

സർ, ഈ കോൺട്രാക്റ്റു സമ്പ്രദായമെന്നു പറയുന്നത് സത്യത്തിൽ കോൺട്രാക്റ്റു സമ്പ്രദായമല്ല. ഒരു മുപ്പൻ മുഖേന പണിയെടുപ്പിക്കുന്നതിനാണ് കോൺട്രാക്റ്റ് എന്ന് അവർ വ്യവഹരിക്കുന്നത്. അത് സാധാരണഗതിയിൽ കങ്കാണി സമ്പ്രദായം പോലെ ചെയ്യുന്നു എന്നുള്ളതിൽ കവിഞ്ഞ് ഒരു കോൺട്രാക്റ്റു സമ്പ്രദായമല്ല. പീസ് റേറ്റു സമ്പ്രദായമാണ്. അവിടെ എല്ലാ അവകാശങ്ങളും, തൊഴിൽ സ്ഥിരത ഉൾപ്പെടെയുള്ള എല്ലാ അവകാശങ്ങളും കൊടുക്കാവുന്നതേയുള്ളു. അത് ഇതുവരേയും ശരിയായി കൈകാര്യം ചെയ്യാത്തതുകൊണ്ട് സംഭവിച്ച ഒരു കുറവാണെന്നാണ് എനിക്കു മനസ്സിലാക്കാൻ സാധിച്ചിട്ടുള്ളത്. ഏതായാലും ജോയിന്റ് ലേബർ കമ്മീഷണറുടെ സാന്നിദ്ധ്യത്തിൽ നടക്കുന്ന അനുരഞ്ജന സംഭാഷണം വിജയിക്കുമെന്നാണ് ഗവൺമെന്റ് വിചാരിക്കുന്നത്. അടുത്തു തന്നെ അതിനു പരിഹാരമുണ്ടാകുമെന്നാണ് പ്രതീക്ഷ.

IV. റിപ്പോർട്ടു സമർപ്പണം

(i) കാര്യോപദേശക സമിതിയുടെ 12-ാമതു റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻ നായർ): സർ, കാര്യോപദേശക സമിതിയുടെ 12-ാമതു റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

(ii) പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ 20-ാമതു റിപ്പോർട്ട്

ശ്രീ. എം. കെ. കൃഷ്ണൻ: പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ 20-ാമതു റിപ്പോർട്ടു ഞാൻ സമർപ്പിക്കുന്നു.

ഡെപ്യൂട്ടി സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly